

# മയിലമ്മ, പ്ലാച്ചിമട സമരം, രാഷ്ട്രീയ പാർട്ടികൾ, ഭാവി....

"തോറ്റുപോകാമെന്നറിഞ്ഞുകൊണ്ടുതന്നെ, ദിനേനയെന്നോണം ജീവിതത്തിൽ അങ്കത്തിനിറങ്ങുന്ന, ഞാനറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന, എന്നെക്കാൾ യോഗ്യരായ ഒരുപാടാളുകളുണ്ട്. 'ജയിക്കുക' എന്നതിന്റെ വൃത്തികെട്ട അർത്ഥത്തിൽ അവർ തോറ്റുപോയിരിക്കാം. പക്ഷേ, അതുകൊണ്ടുമാത്രം അവരുടെ ജീവിതം നിഷ്ഫലമായിപ്പോയിട്ടില്ല... ലഭിക്കുന്ന അംഗീകാരത്തിനനുസരിച്ച് മാത്രം നന്മയും കഴിവും അളക്കപ്പെടുന്ന ഒരു ലോകത്ത്, തോറ്റുപോയാക്കാമെങ്കിൽ കൂടി ജീവിക്കാൻ യോഗ്യമായ സ്വപ്നങ്ങളുണ്ട്... സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക എന്ന സ്വപ്നമാണത്. അവരവരുടെ എളിമത്തം മറന്നു പോകാതിരിക്കുകയും, നമ്മുടെ ചുറ്റുമുള്ള ഹിംസകളോടും ജീവിതത്തിന്റെ വൃത്തികെട്ട വൈരുദ്ധ്യങ്ങളോടും രാജിയാകാതിരിക്കുകയും, സാരമായതൊന്നും നിസ്സാരമാകാതിരിക്കകയും ലളിതമായതൊന്നും സങ്കീർണമാക്കാതിരിക്കുകയും എല്ലാറ്റിനും മീതെ ജാഗ്രതയായിരിക്കുകയും, ഒരിക്കലും മുഖം തിരിച്ചുകളയാതിരിക്കുകയും ഒരിക്കലുമൊരിക്കലും മറന്നുപോകാതിരിക്കകയും ചെയ്യുക എന്ന സ്വപ്നവുമാണത്"

**അരുന്ധതി റോയ്**

"....'അത് സരിയല്ല ഭാസ്കരേട്ടാ, നമ്മണ്ടെ നാട്ടില് കമ്പിനി വന്നാ നമ്ക്ക് നാസവാണ്. നമ്മണ്ടെ വെള്ളത്തിനെയൊക്കെ നസിപ്പിക്കാനാണ് ഈ കമ്പിനി ഇവിടെത്തന്നെ വരണത്.'

....കമ്പിനി തൊടങ്ങി പിന്നെ രാവും പകലും കമ്പിനിന്റെ ഉള്ളില് ചെത്തം തന്നെ ചെത്തം. ലോറികള് വരവും പോക്കും തന്നെ എപ്പളും. കുപ്പിയില് നെറച്ച് കുടിക്കണ ഒരു വെള്ളമാണ് അവിടെ ഉണ്ടാക്കണതെന്ന് മനസ്സിലായി. കള്ള് കുടിക്കണവിരൊക്കെ അതും ഒഴിച്ച് കുടിക്കും എന്ന് പിള്ളര് പറഞ്ഞതാണ്....

കമ്പിനി വന്നിട്ട് നാലഞ്ച് ആഴ്ചയൊക്കെ കഴിഞ്ഞു. നമ്മള് പേടിച്ചത് വെറുതെ എന്നാണ് തോന്നിയത്. കെണറ്റില് വെള്ളം ഒന്നും കൊറഞ്ഞിട്ടില്ല. പകരം കൊറച്ച് കൂടിയതായിട്ടാണ് കണ്ടത്. ഇത് എന്ത് കതയപ്പാ എന്ന് ഞങ്ങളും വിചാരിച്ചു. സത്യത്തില് കമ്പിനിന്റെ ഉള്ളില് നടക്കണതെന്താണെന്ന് നമ്മള് പൊറമേക്കാര്ക്ക് അറിയില്ല. അപ്പഴും ഇപ്പഴും. കെണറ്റില് വെള്ളം കൂടിയപ്പ വിചാരിച്ചു, എന്തായാലും സോയാ കമ്പിനിയിലെപോലെ ബോറൊന്നും ഉണ്ടാവില്ല എന്ന്.

അതിന്റെ സത്യം അറിയണത് പിന്നെയാണല്ലോ."

**മയിലമ്മ**

പ്ലാച്ചിമട സമരത്തിലെ ഉജ്ജ്വല പ്രവർത്തക മയിലമ്മ നമ്മെ വിട്ടുപിരിഞ്ഞു. 2000 മാർച്ചിൽ പ്ലാച്ചിമടയിൽ ഹിന്ദുസ്ഥാൻ കൊക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പ്രവർത്തനമാരംഭിച്ചപ്പോൾ അതിനെതിരെയുള്ള സമരവും തുടങ്ങിയിരുന്നു. പ്രധാനമായും മയിലമ്മ ഉൾപ്പെടെയുള്ള കമ്പനിപ്പരിസരത്തെ (വിജയനഗർ, പ്ലാച്ചിമട കോളനികളിലെ) സാധാരണക്കാർ അവരനുഭവിച്ച പ്രശ്നത്തിന്റേയും ദുരിതങ്ങളുടേയും പേരിലായിരുന്നു കമ്പനിക്കെതിരെ തിരിഞ്ഞത്. പ്ലാച്ചിമട സമരം ലോകത്തേയും കേരളത്തിലേയും അടിസ്ഥാനനീതിക്കായുള്ള സമരങ്ങളിൽ ഇപ്പോഴും ചരിത്രപരമായ പ്രാധാന്യം ഉള്ള ഒരു സമരമാണ്, സംഭവമാണ്. ലോകത്ത് അനേകം പ്ലാച്ചിമടകൾ വിഭവങ്ങളുടെ സ്വയം ഭരണത്തിനും ജീവനുംവേണ്ടി സന്ധിയില്ലാസമരം തുടരുന്നുണ്ട്.

നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ സമരം കമ്പനിപ്പടിക്കൽ ഔപചാരികമായി തുടങ്ങിയത് 2002 ഏപ്രിൽ 22 ന് ഭൂമി ദിനത്തിൽ ആദിവാസി നേതാവ് സി.കെ. ജാനു ഉൽഘാടനം ചെയ്തതോടെയാണ്. എന്തായിരുന്നു പ്ലാച്ചിമട പ്രശ്നം? സമരത്തിന്റെ തുടക്കത്തിൽ കോളക്കമ്പനിക്കെതിരെയുള്ള നോട്ടീസിൽ (കൊക്കകോള ഫാക്ടറിക്കെതിരെ ഉപരോധസമരം വിജയിപ്പിക്കുക! എന്ന തലക്കെട്ടിൽ 6 സംഘടനകൾ ചേർന്നെഴുതിയ നോട്ടീസിൽ) പ്ലാച്ചിമടയിലെ പ്രശ്നം അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്... "കമ്പനി തുടങ്ങി ഒരു വർഷത്തിനകം തന്നെ അതിന്റെ തിക്തഫലം അനുഭവിക്കാൻ ഇവിടുത്തെ ആളുകൾ നിർബന്ധിതരായി. ഭൂഗർഭജലനിരപ്പ് ക്രമാതീതമായി കുറയുകയും കിണറുകളിലെ ശുദ്ധജലം ഉപ്പുവെള്ളമായി മാറുകയും ചെയ്തു. ഇതൊരു സ്വാഭാവിക പ്രക്രിയ മാത്രമായി കരുതിയ പരിസരവാസികൾ കാര്യമായെടുത്തില്ല. നാൾക്കുനാൾ വെള്ളത്തിന് കടുത്ത സ്വാദ് അനുഭവപ്പെടുകയും പാനയോഗ്യമല്ലാതായിത്തീരുകയും ചെയ്തു. വെള്ളം ചൂടാക്കുമ്പോൾ അവക്ഷിപ്തം രൂപപ്പെടുകയും കുലുക്കി യോജിപ്പിക്കുമ്പോൾ കഞ്ഞിവെള്ളം പോലാകുകയും ചെയ്തിരുന്നു.... ഇവിടെയുള്ള വെള്ളത്തിൽ അരി, പരിപ്പ് ഇവ വേവുന്നില്ല... പരിസര മലിനീകരണം നടക്കുന്ന പ്ലാച്ചിമടയിൽ സ്ഥിതി

ചെയ്യുന്ന ഹിന്ദുസ്ഥാൻ കൊക്കകോള ഫാക്ടറി ഉടൻ അടച്ചുപൂട്ടണമെന്നും, ബാധിക്കപ്പെട്ട ആയിരത്തോളം കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടും നടത്തുന്ന ഈ ബഹുജന ധാർമ്മിക സമരത്തിനാവശ്യമായ എല്ലാവിധ സഹായ സഹകരണങ്ങളും പൊതുജനങ്ങൾ, രാഷ്ട്രീയകക്ഷികൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, ഫാക്ടറിത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവരിൽനിന്നും ഉണ്ടാവണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.'' പ്ലാച്ചിമടയിലെ മുഖ്യപ്രശ്നങ്ങളിലൊന്ന് കുടിവെള്ള മലിനീകരണമായിരുന്നു എന്ന് സമരാരംഭത്തിൽത്തന്നെ, ഓർക്കുക 5 വർഷമായി അവർ പറയുന്നത്, ഇടതുപക്ഷമുൾപ്പെടെയുള്ള പാർട്ടികളും പൊതുസമൂഹവും മാധ്യമങ്ങളും വേണ്ടത്ര ഇനിയും ശ്രദ്ധിച്ചിട്ടില്ല. അല്ലെങ്കിൽ സൂത്രത്തിൽ സത്യത്തെ അഭിമുഖീകരിക്കാതിരിക്കുകയായിരുന്നു.

എന്തായിരുന്നു പ്ലാച്ചിമട പ്രശ്നത്തിന്റെ പരിഹാരം? (ഈ ലക്കം കേരളീയം വായിക്കുക, പ്രത്യേകിച്ച് പേജ് 64) ഭരണസംവിധാനങ്ങൾ, നിയമ സംവിധാനങ്ങൾ, രാഷ്ട്രീയ സംവിധാനങ്ങളും സാമൂഹിക സ്ഥാപനങ്ങളും-സർക്കാരും, കോടതികളും ഭൂജലവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ്, ഇവയെല്ലാം-അപര്യാപ്തവും പരാജയവുമായിരുന്നെന്ന് പ്ലാച്ചിമട തെളിയിച്ചു. നമ്മുടെ രാഷ്ട്രീയ പാർട്ടികൾ-അതിൽ എല്ലാവരുംപെടും-സാമൂഹികസംഘടനകളും പൊതുസമൂഹവും പ്ലാച്ചിമടയുടെ വെല്ലുവിളി (അത് കേരളത്തിനു പൊതുവായുള്ള യാഥാർത്ഥ്യവുമാണ്) ഏറ്റെടുക്കുന്നതിൽ വിജയമായിരുന്നില്ല.

എന്തായിരുന്നു പ്ലാച്ചിമട സമരം വിജയിക്കുന്നതിനു തടസ്സം? കേരളീയ പൊതുസമൂഹത്തിന്റേയും നമ്മുടെയെല്ലാം രാഷ്ട്രീയത്തിന്റേയും അറിവില്ലായ്മയും കഴിവില്ലായ്മയും. നേരിടേണ്ടത് വൻ കുത്തക ഭീമനോടായിരുന്നു എന്നതല്ല, അവർ അമേരിക്കൻ ആസുരശക്തിയാണ് എന്നതല്ല. സ്വാതന്ത്ര്യവും മനുഷ്യാന്തസ്സും പരമാധികാരവും ജനാധിപത്യവും നേടേണ്ടത് ജനകീയ കൂട്ടായ്മയിലും ആഴമേറിയ തിരിച്ചറിവിൽനിന്നുള്ള സത്യസന്ധമായ പ്രവർത്തികളിലൂടെയുമായിരുന്നു. അങ്ങനെയെങ്കിൽ മയിലമ്മയുൾപ്പെടെയുള്ള പ്ലാച്ചിമട സമരപ്രവർത്തകർക്ക് ലോകത്തിനും- ഇപ്പോൾ പ്ലാച്ചിമട പ്രശ്നം അമിത ജലചൂഷണത്തിന്റെയോ മലിനീകരണത്തിന്റേയോ എന്നതിനേക്കാളേറെ, വിഭവ സംരക്ഷത്തോടൊപ്പം മുഖ്യമായി ജനാധികാരത്തിന്റേയും അടിസ്ഥാന രാഷ്ട്രീയത്തിന്റേയും മനുഷ്യാന്തസ്സിന്റേയും ഉണ്ടാക്കിയെടുക്കലിന്റേതാണ്. അങ്ങനെയെങ്കിൽ ജീവിതത്തെക്കുറിച്ച്, സാമൂഹ്യജീവിതത്തിൽ സ്ഥായിയായ നിലനിൽപ്പിനുള്ള അടിസ്ഥാനങ്ങളെക്കുറിച്ച് അറിയണം. വേറെയാർക്കെങ്കിലും ഏൽപ്പിച്ച് ഉത്തരവാദിത്വങ്ങൾ കൈയൊഴിഞ്ഞ് നമുക്ക് രക്ഷപ്പെടാനാവില്ല. നമ്മൾ തന്നെയാണ്, ആവണം നമ്മുടെ ഭരണാധികാരികൾ. സ്വാഭാവികമായും ജനാധികാരം ഉണ്ടാക്കിയെടുക്കലാണ് യഥാർത്ഥ പരിഹാരം. നിതാന്ത ജാഗ്രതയും നിരന്തര സമരവും ആണത്. ഉന്നതമൂല്യങ്ങൾക്കായുള്ള സ്വയം സമർപ്പണത്തിന്റേയും സാമൂഹിക വിജ്ഞാനത്തിന്റേയും കുറവുകൊണ്ട് പ്ലാച്ചിമട സമരം യഥാർത്ഥ ലക്ഷ്യങ്ങൾ നേടാനാകാതെ അകാല മരണത്തിലേക്ക് നീങ്ങുകയാണെങ്കിൽ നമുക്കെന്തു ചെയ്യാനാകും? ലോകവ്യാപകമായി വളർന്നുവരുന്ന വരേണ്യപക്ഷ വികസനാസക്തി തടയണം. ജനപക്ഷമുണരണം. അതിനായി ജനകീയ പ്രബുദ്ധത ഉണർത്തുന്ന സാമൂഹ്യ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന തിരിച്ചറിവ് നാം നേടണം. ഒരർത്ഥത്തിൽ ഇതൊരു നീണ്ട അന്വേഷണവും ആത്മവിമർശനവുമാണ്.

**കേരളീയം** ഈ ലക്കത്തിൽ പ്ലാച്ചിമട മയിലമ്മയിൽ നിന്നു തുടങ്ങി ഐറീൻ ഫെർണാണ്ടസ്സും അനന്തമൂർത്തിയും ജോസഫ് സ്റ്റിഗ്ലിസും നിസ്സാർ അഹമ്മദും എബി ജോർജ്ജും തെൻസിൻ സ്യുന്ത്യുവും എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളിലൂടെ ശേഖരിച്ച ആശയദിശ ഈ ലോകത്തിൽ മാന്യമായി, സ്ഥായിയായി അന്തസ്സോടെ ജീവിക്കാനുള്ള ജനാധിപത്യ സംവിധാനങ്ങൾ സ്വയമുണ്ടാക്കി മെച്ചപ്പെടുത്താനുള്ള ജനതയുടെ രാഷ്ട്രീയശ്രമങ്ങൾക്ക് ആക്കം കൂട്ടാനാണ്. ഈ സംഭാഷണങ്ങളിലും മറ്റ് കുറിപ്പുകളിലും-ടി.ടി. ശ്രീകുമാറിന്റേയും എം.പി. പരമേശ്വരന്റേയും നിരീക്ഷണങ്ങളും മുഖ്യമായി വരുന്നത്- തിരിച്ചു പിടിക്കേണ്ട അടിസ്ഥാന രാഷ്ട്രീയമാണ്. ഒപ്പം നമുക്കു ചുറ്റും സംഭവിക്കുന്ന, കേരളത്തിലെ എ.ഡി.ബി. വായ്പയായാലും ബംഗാളിലെ സിംഗൂർ, നന്ദിഗ്രാം മാർക്സിസ്റ്റ് അക്രമ അധിനിവേശമായാലും അതിരപ്പിള്ളി സംരക്ഷണസമരമായാലും അടിസ്ഥാന ധാരയായുള്ളത് യാതന അനുഭവിക്കുന്നവരുടേയും നീതിക്കായി പോരാടുന്നവരുടേയും രാഷ്ട്രീയ തിരിച്ചറിവോടെയുള്ള കൂട്ടായ്മയിലുള്ള ഉശിരൻ പോരാട്ടങ്ങളിലേക്കാണ്.

മയിലമ്മ നമ്മെ വിട്ടുപോയി പ്ലാച്ചിമട സമരം മരിച്ചിട്ടില്ല. മയിലമ്മയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ ചിലതുപറയട്ടെ. എന്നു മുതലാണ് അവർ സഖാവ് മയിലമ്മയായത്? സി.പി.ഐ.(എം)കാർക്കും ഡി.വൈ.എഫ്.ഐ.യ്ക്കും 'ദേശാഭിമാനി' പത്രത്തിനും അവരുടെ മൃതദേഹം, സമരനായിക പദവിയുടെ പ്രതീകാത്മകമൂല്യം, രക്തസാക്ഷിത്വം അത്യാവശ്യമായേക്കാം. എന്നാൽ നമുക്ക് പ്ലാച്ചിമട സമരലക്ഷ്യത്തോടും നീതിയോടും താല്പര്യമുള്ളവർക്ക് അനേക മയിലമ്മമാർ തുടങ്ങിയ സമരം തുടരുന്നതിലൂടെ, സമരലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിലൂടെ മാത്രമേ മയിലമ്മയോടുള്ള ബഹുമാനവും ദൗത്യവും തുടരാനാവൂ. എന്നാൽ സി.പി.ഐ.(എം)ന് കോടതികൾക്കു പിന്നിലൊളിക്കാനല്ലാതെ രാഷ്ട്രീയ പരിഹാരത്തിനും പ്ലാച്ചിമട പോലുള്ള പ്രശ്നങ്ങൾക്ക് യഥാർത്ഥ പരിഹാരം കാണുന്നതിലേക്കായുള്ള മനോഭാവമാറ്റം ഉണ്ടാക്കാനുള്ള ഇച്ഛാശക്തി അവർക്കില്ല. ഉണ്ടായിരുന്നെങ്കിൽ ഏറ്റവും കൂടുതൽ ചർച്ച നട

ക്കേണ്ട നിയമസഭയിൽ എന്തുകൊണ്ടു പ്ലാച്ചിമടക്കനുകൂലമായി നിയമനിർമ്മാണം നടന്നില്ല? എന്തുകൊണ്ട് ഒരെട്ടാം ക്ലാസ്സുകാരന്റെ 'അറിവു'വെച്ചുള്ള നിരോധന ഉത്തരവിറങ്ങി! പിന്നീട് തട്ടിപ്പും വഞ്ചനയും കാപട്യവുമായി തിരിച്ചറിഞ്ഞ കോള നിരോധന ഉത്തരവ് സർക്കാർ ഇറക്കി? (ഇറക്കിയ ഉത്തരവാകട്ടെ നടപ്പാക്കാനുമായി ആരോഗ്യവകുപ്പു ഓഫീസുകളിൽ എത്തിയതുമില്ല) നമ്മൾ തമാശക്കു പറയാറുണ്ട്. അലക്ഷ്യമായും അശ്രദ്ധമായുമാണ് സർക്കാർ കോളകൾ നിരോധിച്ചത്. പിന്നീടു കോടതി അതു റദ്ദാക്കി. കേസ് സുപ്രീംകോടതിയിൽ തുടരുന്നു. ജനങ്ങളുടെ പ്രാഥമികകാര്യത്തിൽ തീരുമാനമെടുക്കാൻ പഞ്ചായത്തിനധികാരമുണ്ടോ? തർക്കം തുടരുകയാണ്.

ഓർക്കുക കൊക്കകോളയ്ക്ക് അനുമതി കൊടുത്തതും ക്ഷണിച്ചുവരുത്തിയതും (1998-2000) ഇ. കെ.നായനാർ മുഖ്യമന്ത്രിയായ (സുശീല ഗോപാലൻ, വ്യവസായവകുപ്പുമന്ത്രി) ഇടതുപക്ഷ സർക്കാരാണ്. അന്ന് ഇവിടെ കേരളത്തിൽ വികേന്ദ്രീകൃത ജനാധിപത്യം-ജനകീയാസൂത്രണമായിരുന്നു. അതേ ഡോ. തോമസ് ഐസക്, ഇപ്പോഴത്തെ ധനമന്ത്രി, നേതൃത്വം കൊടുത്ത ജനാധിപത്യം പൊടിപൊടിക്കുകയായിരുന്നു. പിന്നീട് 5 വർഷം യുഡി.എഫ് ഭരണം. സമരം മൂലം 2004 മാർച്ചിൽ കമ്പനി താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ചു. വരൾച്ചമൂലമുള്ള സർക്കാർ ഉത്തരവ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ നിർബന്ധമാക്കിയ കത്ത് വഴി കമ്പനി ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. എന്നാൽ സമരം തുടരുകയാണ്, യാതനകളും. ആരോഗ്യപ്രശ്നങ്ങൾ, ജല-ഭൂമി മലിനീകരണം, തൊഴിൽ-കൃഷി നഷ്ടം അവസാനിച്ചിട്ടില്ല.

നമുക്കുവീണ്ടും മയിലമ്മയിലേക്കുവരാം. കോള നിരോധിച്ച അച്യുതാനന്ദൻ സർക്കാരിൽ തങ്ങൾ വിശ്വസിക്കുകയാണെന്നും നഷ്ടപരിഹാരം കമ്പനിയിൽനിന്ന് വാങ്ങിത്തരേണ്ട കടമ ഈ സർക്കാരിനാണെന്നും കമ്പനി വീണ്ടും തുറന്നു പ്രവർത്തിച്ചാൽ കമ്പനിപ്പടിക്കൽ സമരം വീണ്ടും തുടങ്ങുമെന്നും പറഞ്ഞാണ് മയിലമ്മയും വേലൂർ സ്വാമിനാഥനും നീലിപ്പാറ മാരിയപ്പനും (ആദിവാസി സംരക്ഷണ സംഘം) സമരപ്പന്തലിൽ നിന്നു പിരിഞ്ഞുപോയത്. അവർ പത്രസമ്മേളനങ്ങൾ നടത്തി. ഇത് പ്ലാച്ചിമട കൊക്കകോള വിരുദ്ധസമരത്തെ സംബന്ധിച്ചിടത്തോളം ലക്ഷ്യനേടിയുള്ള പിൻവാങ്ങലാണോ അതോ സമരത്തെ ചതിച്ച് തകർത്തോടലാണോ എന്ന് കാലം തെളിയിക്കട്ടെ. പക്ഷേ ഇപ്പോൾ തെളിയുന്ന മറ്റൊന്നുണ്ട്. സമരത്തിൽനിന്നും സമരപ്പന്തലിൽ നിന്നും മയിലമ്മ പിൻവാങ്ങിയതിനുശേഷമാണ് സി.പി.ഐ.(എം)ന് മയിലമ്മ സഖാവായത്. കൃത്യമായും 2006 ആഗസ്റ്റ് 19 നുശേഷം. മരിച്ച മയിലമ്മയോട്, മൃതദേഹത്തോട് അനാദരവു കാണിച്ചത് പ്ലാച്ചിമട സമരസമിതിയിലെ ഏതാനും ചിലർ മാത്രമല്ല. സമരപ്രശ്നങ്ങളെ അവഗണിക്കുകയും സമരത്തെ അഭിമുഖീകരിക്കാതിരിക്കുകയും എന്നാൽ മയിലമ്മയുടെ മൃതദേഹത്തിൽ അവകാശത്തർക്കം ഉന്നയിക്കുകയും ചെയ്യുന്ന ഇടതുപക്ഷമാണ്. മരിച്ച മയിലമ്മ, മരിക്കാത്ത സമരം നമ്മെ നയിക്കുന്നത് മാർക്സിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള ഇടതുപക്ഷത്തിന്, മുഖ്യധാര രാഷ്ട്രീയ പാർട്ടികൾക്കും അവർ ഭരിക്കുമ്പോൾ സമരപ്രശ്നങ്ങൾ വേണ്ട. അത് പ്ലാച്ചിമടയിലായാലും. സമരം അവരുടെ സുഖ-സ്വാർത്ഥ ഭരണത്തിനൊരസൗകര്യമാണ്. എന്തു വിലകൊടുത്തും അവർ സമരത്തെക്കൊല്ലും. എന്നാൽ സമരപ്രതീകങ്ങളെ അവർ സഖാവും രക്തസാക്ഷികളുമാക്കി പ്രതീകവൽക്കരിക്കുന്നു. യഥാർത്ഥ സമരങ്ങളല്ല സമരപ്രതീകങ്ങളെയാണവർക്കാവശ്യം, പ്രതീകാത്മക സമരങ്ങളേയും അവർ കൈയൊഴിയുന്നു. മയിലമ്മ സ്വയമകപ്പെട്ട ഈ വിഷമസന്ധി കേരളീയ പൊതുസമൂഹത്തിനുമുണ്ട്. ഇടതുപക്ഷത്തിന്റെ സമരവിശ്വാസ്യതയും വിപ്ലവവായാടിത്തവും കാപട്യവും തുറന്ന കാട്ടപ്പെടുന്നുണ്ട്. ഒന്നുകൂടി തെളിച്ച് പറഞ്ഞാൽ അമേരിക്കൻ എതിർപ്പിന്റെ വായ്ത്താരി ഉണ്ട്. ഇറാക്ക് യുദ്ധത്തിനെതിരാണ്. രക്തസാക്ഷി സദ്ദാം ഹുസൈൻ 'നമ്മന്റെയാളു'തന്നെ. പക്ഷെ, നമ്മുടെ നാട്ടിൽ കുത്തകകമ്പനികളുടെ ജനങ്ങൾക്കെതിരായുള്ള അധിനിവേശവും യുദ്ധവും ചെറുക്കുന്നതിൽ ഈ ആവേശവും ആവശ്യവും വേണ്ടത്രയില്ല. ഇനിയും പുതുതായി അവരെ ചുവപ്പൻ പരവതാനി വിരിച്ച് ക്ഷണിക്കുകയാണ്. അത് തൊട്ടാൽ നഷ്ടമുണ്ടാവും. അമേരിക്ക, ഇറാക്ക്, ക്യൂബ, ലാറ്റിനമേരിക്ക, ഗുജറാത്ത് ഒക്കെ നമ്മൾ ഐക്യദാർഢ്യം-പാട്ടപിരിവും പ്രചരണവും നടത്തും, ദൂരെയാണല്ലോ. അങ്ങിനെ പ്ലാച്ചിമട സമരനായിക മയിലമ്മയും. നായികയെ കയ്യിലെടുക്കുക, സമരത്തെ കയ്യൊഴിയുക. ഇത് ഇടതുപക്ഷം പ്ലാച്ചിമടക്കാര്യത്തിൽമാത്രം ചെയ്തുവരുന്നതല്ല എന്നറിയുക. ചുരുക്കത്തിൽ രാഷ്ട്രീയ പാർട്ടികളുടെ കാപട്യത്തോടും ജനങ്ങളുടെ ഉദാസീനതയോടും സമരം ചെയ്ത് ജയിച്ചാലേ പ്ലാച്ചിമട സമരം വിജയിക്കാനാവൂ. ആയതിലേക്കുള്ള ദിശാവ്യക്തത ഉണ്ടാകാൻ നമുക്കാകട്ടെ.

മയിലമ്മയേ അടക്കം ചെയ്തിട്ടുള്ളൂ. സമരത്തെ അടക്കാനാവില്ല. കമ്പനി അടഞ്ഞുകിടക്കുകയാണ്. തുറക്കാനിടയുമില്ല. പക്ഷേ അതുകൊണ്ടായില്ല. കുറ്റവാളികളായി കമ്പനിയും സർക്കാരും രാഷ്ട്രീയ പാർട്ടികളും നാമെല്ലാവരുമുണ്ട്. ഇവർ പരാജയമാകുമ്പോൾ യാതന അനുഭവിക്കുന്ന ജനങ്ങൾ, നീതി തേടുന്നവർ എന്തുചെയ്യും? ഇതത്രെ നമ്മുടെ അടിയന്തിര, അടിസ്ഥാന അന്വേഷണം. ഇടതുപക്ഷം ഒരു കോർപ്പറേറ്റ് പാർട്ടി യായും നേതാവ് ചീഫ് എക്സി. ഓഫീസറായും മാറിക്കൊണ്ടിരിക്കുന്ന സമകാലിക കേരളത്തിൽ നിതാന്തജാഗ്രതയും നിരന്തര പോരാട്ടവുമുള്ള പൊതുസമൂഹവും ജനതതിയുമാണ് ഭാവി.

മനുഷ്യർ ഒറ്റയ്ക്കും കൂട്ടമായും ആലോചിച്ച് ഉത്തരവാദിത്വത്തോടെ ഏർപ്പെടേണ്ട കാര്യങ്ങളിലാണിവ. ആ ദിശയിലേക്കുള്ള അന്വേഷണത്തിന് സഹായിക്കാനായാൽ ഈ ലക്കം സഫലമാകും. ഇത് വായനക്കാർ ഇടപെട്ട് പൂർത്തീകരിക്കുമെന്നാശിക്കുന്നു.

പ്രതീക്ഷയോടെ, പത്രാധിപർ